**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 8** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എഫ്. രാജ
ശ്രീ. സി. ആർ. മഹേഷ്
ശ്രീ. ദീപക് ജോയ്
ശ്രീ. കെ. ബിനിമോൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ നിലവിലെ കടബാധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ State Finances – A Study of Budgets എന്ന റിപ്പോർട്ട് പ്രകാരം 2025-26 ലെ സംസ്ഥാനത്തിന്റെ ആകെ കട ബാധ്യത 5.07 ലക്ഷം കോടി രൂപയാണ്.

**(ബി)** സംസ്ഥാനത്തിന്റെ നിർബന്ധിത ചെലവുകൾ മൊത്തം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ പ്രകാരം, സംസ്ഥാനത്തിന്റെ മാറ്റി വയ്ക്കാനാകാത്ത ചെലവുകളായ ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കായി 2024-25 സാമ്പത്തിക വർഷം, മൊത്തം റവന്യൂ വരുമാനത്തിന്റെ 77.6 ശതമാനമാണ് ചെലവായിട്ടുള്ളത്. ദേശീയ ശരാശരി കണക്കിലെടുക്കുമ്പോൾ കേരളത്തിന്റെ നിർബന്ധിത ചെലവുകളുടെ ഭാരം സമാന സംസ്ഥാനങ്ങളേക്കാൾ വളരെ കൂടുതലാണ്.

**(സി)** സംസ്ഥാനത്തിന്റെ മൂലധന ചെലവ് മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 1.3% മാത്രമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 2025-26 ലെ സംസ്ഥാനത്തിന്റെ ആകെ മൂലധന ചെലവ്-ആഭ്യന്തര ഉല്പാദനം അനുപാതം ദേശീയ ശരാശരിയെക്കാൾ വളരെ താഴെയാണെന്നത് സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. സംസ്ഥാനത്തിന്റെ മൂലധന ചെലവ് വർദ്ധിപ്പിക്കുന്നതിനുള്ള പ്രായോഗിക സമീപനങ്ങൾ സർക്കാർ

സ്വീകരിക്കുന്നതാണ്. ഇതിനായി 2026-27 വർഷത്തെ പുതുക്കിയ ബജറ്റിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

**(ഡി)** മുൻ സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ വീഴ്ചകൾ കാരണമാണ് സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി ഉണ്ടായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനം നിലവിൽ കടുത്ത പണഞെരുക്കം നേരിടുന്നു എന്നത് ഒരു വസ്തുതയാണ്. ആയത് കേരള നിയമസഭയ്ക്ക് മുമ്പാകെ സമർപ്പിച്ചിട്ടുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക ആരോഗ്യ തൽസ്ഥിതി റിപ്പോർട്ടിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ രൂപീകരിച്ച പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളായ കിഫ്ബിയും പെൻഷൻ കമ്പനിയും എടുത്ത വായ്പകളുടെ തിരിച്ചടവ് സർക്കാരിന്റെ ചുമലിലാണ്. എന്നാൽ ആയത് ബജറ്റ് രേഖകളിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ ബജറ്റിലെ ചെലവ്, കമ്മി സൂചകങ്ങളുടെ കൃത്യതയെതന്നെ ബാധിച്ചിട്ടുണ്ട്. സർക്കാർ എടുത്ത വായ്പകളുടെ പലിശ നിരക്കിനേക്കാൾ കൂടിയ നിരക്കിലാണ് മേൽ സ്ഥാപനങ്ങൾ വായ്പകൾ സമാഹരിച്ചിട്ടുള്ളത്. തത്ഫലമായി സംസ്ഥാനത്തിന്റെ വായ്പയും കടബാധ്യതയും അനുവദനീയമായ പരിധിക്കപ്പുറത്തേക്ക് വർദ്ധിക്കുന്ന അനഭിലഷണീയമായ സാഹചര്യമാണ് സംജാതമായിട്ടുള്ളത്. ഇത് സാമ്പത്തിക അസന്തുലിതാവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യാത്ത പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി വായ്പാ പരിധിയിൽ കുറവ് വരുത്തിയത്, വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയത്, ജി എസ് ടി നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ജി എസ് ടി വകുപ്പിനെ പുന:സംഘടിപ്പിക്കുന്നതിൽ വീഴ്ച സംഭവിച്ചതും, നികുതി ഭരണത്തിലെ കെടുകാര്യസ്ഥതയും അടക്കമുള്ള നടപടികൾ സംസ്ഥാനത്തിന്റെ പണഞെരുക്കത്തിന്റെ ആക്കം കൂട്ടിയിട്ടുണ്ട്. നിലവിലെ പ്രതികൂല സാഹചര്യം ഹ്രസ്വകാല, ദീർഘകാല നടപടികളിലൂടെ തരണം ചെയ്യുവാനാണ് ശ്രമിക്കുന്നത്. നികുതി/നികുതിയേതര വരുമാനങ്ങൾ ബജറ്റ് ലക്ഷ്യങ്ങൾ കൈവരിക്കുകയും, നികുതി ചോർച്ച ഒഴിവാക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കുകയും, ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ച് വരവുമായി പൊരുത്തപ്പെടുകയും

ചെയ്യേണ്ടതുണ്ട്. വരുമാന ചോർച്ച പരിഹരിക്കേണ്ടതും കർശനമായ സാമ്പത്തിക അച്ചടക്കം പുലർത്തേണ്ടതും അനിവാര്യമാണ്. ദീർഘകാലാടിസ്ഥാനത്തിൽ സമ്പദ്ഘടനയുടെ പുനരുജ്ജീവനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. അടിസ്ഥാന സൗകര്യ വികസനം സർക്കാരിന്റെ മുൻഗണനയായിരിക്കും. ജനക്ഷേമ പദ്ധതികൾ തുടരുന്നതിനോടൊപ്പം തൊഴിൽ, നിക്ഷേപം, വികസനം എന്നിവ കേന്ദ്രീകരിച്ചിട്ടുള്ള സാമ്പത്തിക വളർച്ചയ്ക്കാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്.

**(ഇ)** മുൻ സർക്കാരിന്റെ കടുകാര്യസ്ഥതയും ധനകാര്യ മാനേജ്മെന്റിലെ വീഴ്ചകളും മൂലം ഉണ്ടായിട്ടുള്ള അതിരൂക്ഷമായ ഈ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**